**KOTTAYAM PUBLIC LIBRARY**

Call No M 297 Acc. No 14371

Author സി. എം. (പ്രസ് ഉടമ)

Title നൂറാണ്ടൻ കിസ്സ്

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

996

سورة الكهف

# സൂറത്തുൽ കഹ്ഫ്.

പരിഭാഷ.

14371

പ്രസാധകന്മാർ.

പ്രൊപ്രൈറ്റേഴ്സ്,

സി. എം. പ്രസ്. ഇടവാ.

NATIONAL BOOK STALL * BR. KOTTAYAM * SPCS LTD.

1948.

ഒന്നാം പതിപ്പ് കാപ്പി 2000.

വില അണ 8.

സി. എം. പ്രസ്, ഇടവാ.

# പ്രസ്താവന.

പരിശുദ്ധഖുർആൻ മലയാളഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാൻ പല സംരംഭങ്ങളും സമാരംഭിച്ചിട്ടു കാലം ഏറെയായെങ്കിലും പറയത്തക്ക യാതൊരു നേട്ടങ്ങളും ഇതേവരെ ഉണ്ടായിട്ടില്ലെന്നുള്ളതു് വ്യസനകരം തന്നെയാണു്. ഈ അപരാധത്തിന്റെ ഏറിയ പങ്കും മുസ്ലിം പൊതുജനങ്ങളുടെ മേൽ ആരോപിക്കുവാനെ നിവൃത്തി കാണുന്നുള്ളൂ. പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ വേണ്ടുംപോലെ സിദ്ധിച്ചിരുന്നുവെങ്കിൽ വിജയം നിശ്ചയമായിരുന്നു.

ഖുർആൻ വായിക്കുന്നതും, അതു കേൾക്കുന്നതുതന്നേയും പുണ്യദായകമായിരിക്കെ അതിന്റെ അർത്ഥം മനസ്സിലാക്കി വായിക്കുന്നതു നിശ്ചയമായും ശ്രേഷ്ഠമായ ഒരു കർമ്മമാകുന്നു. സാമാന്യജനങ്ങൾക്കു് അർത്ഥം ഗ്രഹിക്കുവാൻ പരഭാഷകൊണ്ടല്ലാതെ സാധിക്കുകയില്ല. അങ്ങനെ നോക്കുമ്പോൾ പരിശുദ്ധഖുർആൻ പരിഭാഷപ്പെടുത്തുക എന്നതു് ഏററവും സ്വാഗതാർഹമായ ഒരു സംരംഭമാണെന്നു് പറയേണ്ടതില്ലല്ലോ.

പരിശുദ്ധഖുർആനിലെ വിവിധസൂറത്തുകളിൽ പലതുകൊണ്ടും പ്രാധാന്യത്തെ അർഹിക്കുന്നതൊന്നാണു സൂറത്തുൽ കഹ്ഫ്. നബി (സ) ഇങ്ങനെ അരുൾചെയ്തിട്ടുണ്ടു്:-

عن انس — مَنْ حَفِظَ عَشْرَ آيَاتٍ مِنْ أَوَّلِ سُورَةِ الْكَهْفِ

عُصِمَ مِنَ الدَّجَّالِ - رواه ترمذى

"സൂറത്തുൽ കഹ്ഫിന്റെ ആദ്യത്തെ പത്ത് ആയത്തുകൾ കാണാതെ പഠിച്ചയാൾ ദജ്ജാലിൽനിന്നും രക്ഷ പ്രാപിക്കപ്പെട്ടും". തി.

عن معقل بن يسار - من قرأ سورة الكهف في يوم الجمعة

أضاء له النور ما بين الجمعتين رواه البيهقي

"വെള്ളിയാഴ്ച ദിവസം സൂറത്തുൽകഹ്ഫ് ഓതിയാൽ, മറു വെള്ളിയാഴ്ചവരെയുള്ള അയാളുടെ ജീവിതകാലത്തെ പ്രകാശമയമാകുന്നതാണ്." ബൈ:

ഈ ഹദീസിനെ ആദരിച്ചുകൊണ്ട്, വെള്ളിയാഴ്ച ദിവസം പള്ളിയിൽ ഹാജരാകുന്നവരെല്ലാം സൂറത്തുൽകഹ്ഫ് ഓതിവരുന്നുണ്ട്. ഇത്രത്തോളം പ്രാധാന്യം അർഹിക്കുന്ന പ്രസ്തുത സൂറത്തിന്റെ പരിഭാഷ പ്രസിദ്ധീകരിക്കുന്നതു് ഏററവും പ്രയോജനപ്രദം തന്നെയാണല്ലോ.

പരിഭാഷ ഏററവും വ്യക്തമായിരിക്കുന്നതിനു് ഇതിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അർത്ഥഗ്രഹണത്തിനു വൈഷമ്യം നേരിടുകയില്ലെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. പരിശുദ്ധ ഖുർആൻ കഴിയുന്നിടത്തോളം അർത്ഥം ഗ്രഹിച്ചുതന്നെ പാരായണം ചെയ്യണമെന്നുള്ള നിർബന്ധം ഓരോ മുസ്ലിമിനും ഉണ്ടാവുകയാണെങ്കിൽ ഇതുപോലുള്ള സംരംഭം നിശ്ചയമായും വിജയം പ്രാപിക്കുകതന്നെ ചെയ്യും. ആ ഒരു നിർബന്ധം ഓരോ മുസ്ലിമിന്റേയും ഹൃദയത്തിൽ അല്ലാഹു അങ്കുരിപ്പിക്കട്ടെ: ആമീൻ.

13-7-1123,
ഇടവാ.

പ്രസാധകന്മാർ

# സൂറത്തുൽ കഹ്ഫ്.

## ഗുഹ الكهف

മക്കായിൽ അവതരിച്ചതു്.

110 സൂക്തങ്ങൾ.

അത്ഭുതകരമായ മനുഷ്യജീവിതത്തെക്കുറിച്ചു വിവരിക്കുന്ന ഖുർആനിലെ ഒരു അദ്ധ്യായമാണിതു്. ദൈവത്തിനു പുത്രനുണ്ടെന്നുള്ള ക്രിസ്തുമതസിദ്ധാന്തത്തെ എതിർത്തുകൊണ്ടാണു് ഈ അദ്ധ്യായം ആരംഭിക്കുന്നതു്. (1 മുതൽ 6 വരെ) ലോകത്തു കാണുന്ന അലങ്കാരവിശേഷങ്ങൾ വെറും നശ്വരമാണെന്നും ആദ്ധ്യാത്മിക ലോകത്തിൽ അവ അനപേക്ഷണീയമല്ലെന്നുമുള്ള സൂചനയുമിതിലുണ്ടു്. (7-ം, 8-ം) ഗുഹയേയും അതിലെ നിവാസികളേയും, മൂസാനബി (അ) യുടെ വിജ്ഞാനാന്വേഷണത്തേയും ദുൽക്കർനൈനിയേയും കുറിച്ചുള്ള പ്രതിപാദനങ്ങൾ മനുഷ്യജീവിതത്തിന്റെ പരിമിതിയേയും അനിശ്ചിതത്തേയും സ്പഷ്ടമാക്കുന്നു.

ഗുഹയിലെ നിവാസികളുടെ കഥ: റോമാസാമ്രാജ്യത്തിലെ ദഫിയാനൂസ് ചക്രവർത്തി സ്വയം ദൈവമാണെന്നു ഘോഷിക്കുകയും അതിനെ എതിർക്കുന്നവരെ ദണ്ഡിക്കുകയും ചെയ്തിരുന്നു. സൂഫിസസ് പട്ടണത്തിലെ ഏതാനും പ്രമുഖർ (അവരുടെ എണ്ണത്തെക്കുറിച്ചു് അഭിപ്രായവ്യത്യാസമുണ്ടു്.) ചക്രവർത്തിയുടെ ഈ അവകാശവാദത്തെ എതിർക്കുകയും ശിക്ഷ ഭയന്നു പട്ടണം ഉപേക്ഷിക്കുകയും ചെയ്തു. അവർ ഒരു മലയിലെ ഗുഹയെ അഭയം പ്രാപിച്ചു.

അവരുടെ കൂടെ ഒരു പട്ടിയുമുണ്ടായിരുന്നു, അവർ അവിടെ നിദ്രയിൽ ലീനരായി. അവരെ അന്വേഷിച്ചു ചക്രവർത്തിയും സൈന്യവും ഗുഹയിലെത്തുകയും അവർ നിദ്രാധീനരെന്നുകണ്ടു ഗുഹാമുഖം അടച്ചുകളയുകയുംചെയ്തു. ഒടുവിൽ അവർ ഉണർത്തപ്പെട്ടു. അവരിലൊരാൾ കൈവശം ഉണ്ടായിരുന്ന നാണയവുമായി ആഹാരമന്വേഷിച്ചു പട്ടണത്തിലേയ്ക്കു പോയപ്പോൾ രാജ്യമാകമാനം വ്യത്യാസപ്പെട്ടിരിക്കുന്നതായും ഭരണാധിപൻതന്നെ മാറിയിരിക്കുന്നതായും അറിഞ്ഞു. അപ്പോഴാണ് ഒരു ദിവസമോ അതിൽ കുറച്ചോമാത്രം ഗുഹയിൽ താമസിച്ചിരുന്നുവെന്നു വിശ്വസിച്ചിരുന്ന അവർ ദീർഘകാലം ഗുഹയ്ക്കുള്ളിലായിരുന്നുവെന്നു മനസ്സിലാക്കിയത്.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

പരമകാരുണികനും കരുണാനിധിയുമായ
അല്ലാഹുവിന്റെ നാമത്തിൽ.

اَلْحَمْدُ لِلّٰهِ الَّذِيْ اَنْزَلَ عَلٰى عَبْدِهِ الْكِتٰبَ وَلَمْ يَجْعَلْ لَهُ عِوَجًا ۝

1. തന്റെ ദാസനു് കിതാബു് നല്കിയവനും അതിൽ യാതൊരു വക്രതയും വരുത്താത്തവനുമായ അല്ലാഹുവിനാണു് സർവ്വസ്തുതിയും

قَيِّمًا لِيُنْذِرَ بَأْسًا شَدِيْدًا مِنْ لَدُنْهُ وَيُبَشِّرَ الْمُؤْمِنِيْنَ الَّذِيْنَ يَعْمَلُوْنَ الصّٰلِحٰتِ اَنَّ لَهُمْ اَجْرًا حَسَنًا ۝

2. അവനിൽനിന്നുമുള്ള ഭയങ്കരമായ ശിക്ഷയെക്കുറിച്ചു ഭയപ്പെടുത്തിക്കൊണ്ടുള്ള മുന്നറിയിപ്പു നൽകുവാനും, സൽപ്രവൃത്തി ചെയ്യുന്ന സത്യവിശ്വാസികൾക്കു സന്തോഷവാർത്ത അറിയിക്കുവാനുമായി (നാം) അതിനെ സ്പഷ്ടമാക്കി. നിശ്ചയമായും അവർക്കു നല്ല പ്രതിഫലമുണ്ട്.

مَاكِثِينَ فِيهِ أَبَدًا ❁

3. അതിൽ അവർ നിത്യമായി സംതൃപ്തി അനുഭവിക്കുന്നവരാണ്.

وَيُنذِرَ الَّذِينَ قَالُوا اتَّخَذَ اللَّهُ وَلَدًا ❁

4. അല്ലാഹുവിനു സന്താനമുണ്ടെന്നു പറഞ്ഞവരേയും ഭയപ്പെടുത്തി മുന്നറിയിപ്പു നൽകുവാനും (ആയി അതിനെ നാം സ്പഷ്ടമാക്കി)

مَا لَهُم بِهِ مِنْ عِلْمٍ وَلَا لِآبَائِهِمْ كَبُرَتْ كَلِمَةً
تَخْرُجُ مِنْ أَفْوَاهِهِمْ إِن يَقُولُونَ إِلَّا كَذِبًا ❁

5. അവർക്കു അതിനെക്കുറിച്ചു യാതൊരറിവുമില്ല. അവരുടെ പിതാക്കന്മാർക്കും യാതൊരറിവുമില്ലായിരുന്നു. അവരുടെ വായിൽനിന്നു പുറപ്പെടുന്നതു ഭയങ്കരമായ വാക്കാണ്. അവർ കളവല്ലാതെ പറയുകയില്ല.

فَلَعَلَّكَ بَاخِعٌ نَّفْسَكَ عَلَىٰ آثَارِهِمْ إِن لَّمْ يُؤْمِنُوا
بِهَٰذَا الْحَدِيثِ أَسَفًا ❁

6. ഇക്കാര്യത്തിൽ അവർ വിശ്വസിക്കുന്നില്ലെങ്കിൽ അവരെ തുടർന്നു ഖേദിച്ചു ഖേദിച്ചു നീ സ്വയം നശിക്കാനാണിടയുള്ളത്.

إِنَّا جَعَلْنَا مَا عَلَى الْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ
أَيُّهُمْ أَحْسَنُ عَمَلًا ❀

7. തീർച്ചയായും ഭൂമിയിലുള്ളതിനെ നാം അതിനൊരു അലങ്കാരമാക്കി – അവരിലാരാണു സൽപ്രവൃത്തികൾ ചെയ്യുന്നതിൽ ഉത്തമന്മാർ എന്നറിയുന്നതിനുവേണ്ടി.

وَإِنَّا لَجَاعِلُونَ مَا عَلَيْهَا صَعِيدًا جُرُزًا ❀

8. തീർച്ചയായും നാം ഭൂമിയിലുള്ളതിനെ നശിപ്പിച്ച് അതിനെ പരിപൂർണ്ണമായും തരിശാക്കിക്കളയും.

أَمْ حَسِبْتَ أَنَّ أَصْحَابَ الْكَهْفِ وَالرَّقِيمِ كَانُوا مِنْ
آيَاتِنَا عَجَبًا ❀

9. ഗുഹയുടെയും ലിഖിതഫലകത്തിന്റെയും കൂട്ടുകാർ നമ്മുടെ അത്ഭുതചിഹ്നങ്ങളായിരുന്നുവെന്നു നീ വിശ്വസിക്കുന്നില്ലേ?

إِذْ أَوَى الْفِتْيَةُ إِلَى الْكَهْفِ فَقَالُوا رَبَّنَا آتِنَا مِن
لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ❀

10. ഗുഹയെ അഭയംപ്രാപിച്ചപ്പോൾ ആ യുവാക്കൾ പറഞ്ഞു: "ഞങ്ങളുടെ നാഥാ! നിന്നിൽനിന്നുള്ള

കാരുണ്യം ഞങ്ങളിൽ ചൊരിയേണമേ! ഞങ്ങൾക്ക് നേർമാർഗ്ഗവും കാണിച്ചുതരേണമേ.”

فَضَرَبْنَا عَلَىٰٓ ءَاذَانِهِمْ فِى ٱلْكَهْفِ سِنِينَ عَدَدًا ●

11. ഗുഹയ്ക്കകത്തുനിന്നുമുള്ള അവരുടെ ശ്രവണശക്തിയെ കുറച്ചുവർഷത്തേയ്ക്കു നാം തടഞ്ഞു.

ثُمَّ بَعَثْنَٰهُمْ لِنَعْلَمَ أَىُّ ٱلْحِزْبَيْنِ أَحْصَىٰ لِمَا لَبِثُوٓا۟ أَمَدًا ●

12. അവരുടെ ഗുഹയ്ക്കകത്തുള്ള താമസക്കാലത്തെ കുറിച്ച് അവർ രണ്ടു വിഭാഗക്കാരിൽ ആർക്കാണു കൂടുതൽ അറിയാവുന്നതെന്നു പരിശോധിക്കുവാൻ വേണ്ടി പിന്നീടു നാം അവരെ ഉണർത്തി.

نَحْنُ نَقُصُّ عَلَيْكَ نَبَأَهُم بِٱلْحَقِّ ۚ إِنَّهُمْ فِتْيَةٌ ءَامَنُوا۟

بِرَبِّهِمْ وَزِدْنَٰهُمْ هُدًى ●

13. നാം അവരുടെ കഥ പരമാർത്ഥമായി നിന്നോടു പറയുന്നു; തീർച്ചയായും അവർ അവരുടെ നാഥനിൽ വിശ്വസിച്ച യുവാക്കളായിരുന്നു. നാം അവർക്ക് നേർമാർഗ്ഗം വർദ്ധിപ്പിച്ചുകൊടുത്തു.

وَرَبَطْنَا عَلَىٰ قُلُوبِهِمْ إِذْ قَامُوا۟ فَقَالُوا۟ رَبُّنَا رَبُّ

ٱلسَّمَٰوَٰتِ وَٱلْأَرْضِ لَن نَّدْعُوَا۟ مِن دُونِهِۦٓ إِلَٰهًا ۖ لَّقَدْ قُلْنَآ

إِذًا شَطَطًا ●

14. "ഞങ്ങളുടെ നാഥൻ ആകാശങ്ങളുടേയും ഭൂമിയുടേയും നാഥനാകുന്നു; ഞങ്ങൾ ഒരിക്കലും അവനെയല്ലാതെ മറെറാരു ഇലാഹി (ആരാധ്യ) നെയും വിളിക്കുകയില്ല. അങ്ങനെ വിളിച്ചാൽ ഞങ്ങൾ തീർച്ചയായും അസത്യവും, ആക്രമവും പറഞ്ഞുപോയി" എന്നവർ എഴുന്നേററുനിന്നു പറഞ്ഞപ്പോൾ നാം അവരുടെ ഹൃദയത്തെ (ക്ഷമകൊണ്ടും സത്യംകൊണ്ടും) ശക്തിപ്പെടുത്തി.

هٰٓؤُلَاۤءِ قَوْمُنَا اتَّخَذُوا مِنْ دُونِهٖٓ اٰلِهَةً ۗ لَوْلَا يَأْتُونَ عَلَيْهِمْ بِسُلْطٰنٍۭ بَيِّنٍ ۗ فَمَنْ اَظْلَمُ مِمَّنِ افْتَرٰى عَلَى اللّٰهِ كَذِبًا ۝

15. നമ്മുടെ ഈ ആളുകൾ അവനെയല്ലാതെ നിരവധി ദൈവങ്ങളെ ആരാധനയ്ക്കായി സ്വീകരിച്ചു; അവരുടെ ഈ വാദം സ്ഥാപിക്കാനായിട്ട് സ്പഷ്ടമായ തെളിവ് എന്തുകൊണ്ടവർ കൊണ്ടുവരുന്നില്ല. അല്ലാഹുവിനെതിരായി വ്യാജം നിർമ്മിക്കുന്നവനേക്കാൾ വലിയ അതിക്രമകാരി മററാരാണ്?

وَاِذِ اعْتَزَلْتُمُوهُمْ وَمَا يَعْبُدُونَ اِلَّا اللّٰهَ فَأْوٗٓا اِلَى الْكَهْفِ يَنْشُرْ لَكُمْ رَبُّكُمْ مِنْ رَحْمَتِهٖ وَيُهَيِّئْ لَكُمْ مِنْ اَمْرِكُمْ مِرْفَقًا ۝

16. അവരെയും അല്ലാഹുവല്ലാതെ അവർ ആരാധിക്കുന്നവയെയും വെടിഞ്ഞു നിങ്ങൾ മാറി നില്ക്കുമ്പോൾ

നിങ്ങൾ ആ ഗുഹയെ ആശ്രയം പ്രാപിക്കുക. നിങ്ങളുടെ നാഥൻ അവൻെറ കാരുണ്യം നിങ്ങളിൽ ചൊരിയുകയും നിങ്ങളുടെ കാര്യങ്ങൾ സുഗമവും സന്തോഷപ്രദവുമാക്കി തീർക്കുകയും ചെയ്യും.

وَتَرَي الشَّمْسَ اِذَا طَلَعَت تَزَاوَرُ عَنْ كَهْفِهِمْ ذَاتَ الْيَمِيْنِ وَاِذَا غَرَبَتْ تَقْرِضُهُمْ ذَاتَ الشِّمَالِ وَهُمْ فِي فَجْوَةٍ مِنْهُ ذَالِكَ مِنْ اٰيٰتِ اللّٰهِ مَنْ يَهْدِ اللّٰهُ فَهُوَ الْمُهْتَدِ وَمَنْ يُضْلِلْ فَلَنْ تَجِدَ لَهُ وَلِيًّا مُرْشِدًا ۞

17. (സൂര്യൻ) ഉദിച്ചു അവരുടെ ഗുഹയുടെ വലതു വശത്തായി നീങ്ങിയപ്പോഴും അവർ വിശാലമായ ആ സ്ഥലത്തു കിടന്നപ്പോൾ അവരിൽനിന്നു മാറി ഇടതുവശത്തായി അസ്തമിച്ചപ്പോഴും നീ സൂര്യനെ കണ്ടിരിക്കും. ഇതു അല്ലാഹുവിൻെറ അടയാള (അത്ഭുത) ങ്ങളിൽനിന്നുമുള്ളതാണു്. അല്ലാഹു മാർഗ്ഗദർശനം ചെയ്യുന്നതാരെയാണോ അവനാണു് നേർമാർഗ്ഗത്തിൽ നയിക്കപ്പെട്ടവൻ; ആരേയാണോ അവൻ ദുർമ്മാർഗ്ഗത്തിലാക്കുന്നതു് അവനെ നേർമാർഗ്ഗത്തിലേയ്ക്കു് നയിക്കുന്ന സംരക്ഷകനെ നീ കാണുകയില്ല.

وَتَحْسَبُهُمْ اَيْقَاظًا وَهُمْ رُقُوْدٌ وَنُقَلِّبُهُمْ ذَاتَ الْيَمِيْنِ وَذَاتَ الشِّمَالِ وَكَلْبُهُمْ بَاسِطٌ ذِرَاعَيْهِ بِالْوَ

صِيدِ لَوِ اطَّلَعْتَ عَلَيْهِمْ لَوَلَّيْتَ مِنْهُمْ فِرَارًا وَلَمُلِئْتَ مِنْهُمْ رُعْبًا ●

18. അവർ ഉറങ്ങിയപ്പോൾ അവർ ഉണർന്നിരുന്നുവെന്നു നീ വിചാരിച്ചിരിക്കും. നാം അവരെ ഇടത്തോട്ടും വലത്തോട്ടും മറിച്ചു (യഥേഷ്ടം ഉറക്കി) അവരുടെ പട്ടി കൈയും നീട്ടി പ്രവേശനദ്വാരത്തിൽ കിടന്നു. നീ അവരെ കണ്ടിരുന്നെങ്കിൽ നിശ്ചയമായും അത്ഭുതപ്പെട്ടു അവരുടെ അടുക്കൽനിന്നും ഓടിക്കളയുമായിരുന്നു; നിശ്ചയമായും നിന്നിൽ അവരെക്കുറിച്ചുള്ള ഭയം നിറയുമായിരുന്നു.

وَكَذَٰلِكَ بَعَثْنَاهُمْ لِيَتَسَاءَلُوا بَيْنَهُمْ قَالَ قَائِلٌ مِنْهُمْ كَمْ لَبِثْتُمْ قَالُوا لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ قَالُوا رَبُّكُمْ أَعْلَمُ بِمَا لَبِثْتُمْ فَابْعَثُوا أَحَدَكُمْ بِوَرِقِكُمْ هَٰذِهِ إِلَى الْمَدِينَةِ فَلْيَنْظُرْ أَيُّهَا أَزْكَىٰ طَعَامًا فَلْيَأْتِكُمْ بِرِزْقٍ مِنْهُ وَلْيَتَلَطَّفْ وَلَا يُشْعِرَنَّ بِكُمْ أَحَدًا ●

19. അങ്ങനെ അവർ പരസ്പരം ചോദിച്ചു് അറിയുവാൻവേണ്ടി നാം അവരെ ഉണർത്തി. അവരിൽ ഒരാൾ പറഞ്ഞു: "നിങ്ങൾ എത്രകാലം (ഇവിടെ) താമസിച്ചു?" അവർ പറഞ്ഞു: "ഒരു ദിവസം അല്ലെങ്കിൽ ഒരു ദിവസത്തിൻെറ കുറച്ചുഭാഗം." അവർ (മററുള്ളവർ) പറഞ്ഞു: "നിങ്ങൾ എത്രകാലം താമസിച്ചുവെന്നു് ഏററവും കൂടുത

ലായി അറിയുന്നവൻ നിങ്ങളുടെ നാഥനാകുന്നു. ഇപ്പോൾ നിങ്ങളിൽ ഒരാളെ നിങ്ങളുടെ ഈ വെള്ളിനാണയവുംകൊടുത്തു നഗരത്തിലേക്കയയ്ക്കുക. ആയാൾ അവിടെ ഉള്ളതിൽവച്ചു ശുദ്ധമായ ആഹാരസാധനം അന്വേഷിച്ചു് അതിൽനിന്നും നിങ്ങളുടെ വിശപ്പു തീർക്കുവാനായി കുറച്ചു നിങ്ങളുടെ അടുക്കൽ കൊണ്ടുവരട്ടെ, അവൻ ശ്രദ്ധയോടും മര്യാദയോടും പെരുമാറട്ടെ, നിങ്ങളെക്കുറിച്ചു് ആരേയും അറിയിക്കാതെയുമിരിക്കട്ടെ.

إِنَّهُمْ إِنْ يَظْهَرُوا عَلَيْكُمْ يَرْجُمُوكُمْ أَوْ يُعِيدُو
كُمْ فِي مِلَّتِهِمْ وَلَنْ تُفْلِحُوا إِذًا أَبَدًا

20. എന്തുകൊണ്ടെന്നാൽ അവർ(നഗരവാസികൾ) നിങ്ങൾക്കു് എതിരാകുന്നെങ്കിൽ നിങ്ങളെ എറിഞ്ഞു കൊല്ലുകയോ അവരുടെ സമുദായത്തിലേയ്ക്കു തിരിച്ചുപോകുവാൻ നിങ്ങളെ നിർബ്ബന്ധിക്കുകയോ ചെയ്യും. ഈ വിധത്തിലായാൽ നിങ്ങൾ ഒരിക്കലും രക്ഷ പ്രാപിക്കുകയില്ല.

وَكَذَٰلِكَ أَعْثَرْنَا عَلَيْهِمْ لِيَعْلَمُوا أَنَّ وَعْدَ اللَّهِ
حَقٌّ وَأَنَّ السَّاعَةَ لَا رَيْبَ فِيهَا إِذْ يَتَنَازَعُونَ بَيْنَهُمْ أَمْرَ
هُمْ فَقَالُوا ابْنُوا عَلَيْهِمْ بُنْيَانًا رَبُّهُمْ أَعْلَمُ بِهِمْ
قَالَ الَّذِينَ غَلَبُوا عَلَىٰ أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِمْ مَسْجِدًا

21. അങ്ങനെ അല്ലാഹുവിൻെറ വാഗ്ദാനം യഥാർത്ഥമാണെന്നും അന്ത്യദിവസത്തെക്കുറിച്ചു യാതൊരു സന്ദേ

ഷവുമില്ലെന്നും ജനങ്ങളറിയുവാൻവേണ്ടി നാം അവരെ (ഗുഹാവാസികളെ)ക്കുറിച്ചുള്ള വിവരം അവർക്ക് അറിയിച്ചുകൊടുത്തു. അവരുടെ കാര്യത്തെക്കുറിച്ച് അവർ തമ്മിൽ തർക്കമുണ്ടായപ്പോൾ ചിലർ പറഞ്ഞു: അവർക്കുമുകളിൽ (അവരെ ഉദ്ദേശിച്ചു) ഒരു മന്ദിരം സ്ഥാപിക്കുക. അവരുടെ നാഥൻ അവരെക്കുറിച്ച് ഏററവും അറിയുന്നവനാണ്. അവരുടെ കാര്യത്തിൽ അതിതല്പരരായവർ പറഞ്ഞു: ഞങ്ങൾ തീർച്ചയായും അവർക്കുമുകളിൽ (അവരെ ഉദ്ദേശിച്ച്) ഒരു പള്ളി നിർമ്മിക്കും.

سَيَقُولُونَ ثَلَاثَةٌ رَّابِعُهُمْ كَلْبُهُمْ وَيَقُولُونَ
خَمْسَةٌ سَادِسُهُمْ كَلْبُهُمْ رَجْمًا بِالْغَيْبِ وَيَقُولُونَ
سَبْعَةٌ وَثَامِنُهُمْ كَلْبُهُمْ قُل رَّبِّي أَعْلَمُ بِعِدَّتِهِم مَّا
يَعْلَمُهُمْ إِلَّا قَلِيلٌ فَلَا تُمَارِ فِيهِمْ إِلَّا مِرَاءً ظَاهِرًا
وَلَا تَسْتَفْتِ فِيهِم مِّنْهُمْ أَحَدًا ۞

22. (ചിലർ) പറയുന്നു: അവർ മൂന്നുപേരാണ്. നാലാമത്തേതു അവരുടെ പട്ടിയുമാണ്. മററു ചിലർ പറയുന്നു: അഞ്ചുപേരാണ്. ആറാമത്തേതു പട്ടിയും. അജ്ഞാതമായതിനെക്കുറിച്ച് ഇക്കൂട്ടർക്കു സന്ദേഹമാണുള്ളത്. (വീണ്ടും ചിലർ) പറയുന്നു: ഏഴുപേരാണ്; എട്ടാമത്തേതു പട്ടിയും. പറയുക: അവരുടെ എണ്ണം ഏററവും ശരിയായി അറിയുന്നവൻ എന്റെ നാഥനാകുന്നു. ഏതാനും പേരൊഴിച്ചാൽ അവരുടെ (യഥാർത്ഥ) വിവരം അറിയുന്നവരില്ല;

അതുകൊണ്ട് സ്പഷ്ടമായ ഒരു കാര്യത്തിനായിട്ടല്ലാതെ അവരെക്കുറിച്ചു വെറുതെ തക്കിക്കരുത്. അവരെപ്പററി അവരിൽ (അഹ്ലിൽകിതാബികളിൽ) ഒരുത്തരോടും ചോദ്യം ചെയ്യരുത്.

وَلَا تَقُولَنَّ لِشَاىْءٍ اِنِّي فَاعِلٌ ذَٰلِكَ غَدًا ۝ اِلَّا اَنْ يَشَاءَ اللّٰهُ وَاذْكُرْ رَبَّكَ اِذَا نَسِيتَ وَقُلْ عَسَى اَنْ يَهْدِيَنِ رَبِّي لِاَقْرَبَ مِنْ هٰذَا رَشَدًا ۝

23, 24. യാതൊന്നിനെക്കുറിച്ചും "അല്ലാഹു ഇച്ഛിക്കമെങ്കിൽ" എന്നല്ലാതെ "നിശ്ചയമായും ഞാൻ നാളെ അതുചെയ്യും" എന്നു പറയരുത്. (അല്ലാഹു ഇച്ഛിക്കമെങ്കിൽ എന്നു പറയുവാൻ) നീ മറന്നുപോയാൽ നിൻെറനാഥനെ ഓർമ്മിക്കുകയും, "നേർമാർഗ്ഗത്തിലേക്കു ഇതിനെക്കാറം അടുപ്പമുള്ള വഴിയിൽ എൻെറ രക്ഷിതാവ് എന്നെ നയിച്ചേക്കും" എന്നു പറയുകയും ചെയ്യുക.

وَلَبِثُوا فِي كَهْفِهِمْ ثَلٰثَ مِائَةٍ سِنِينَ وَازْدَادُوا تِسْعًا ۝

25. അവർ അവരുടെ ഗുഹയ്ക്കകത്തു മുന്നൂറു സംവത്സരം താമസിച്ചു. * ഒൻപതു (സംവത്സരം) കൂടി അവർ കൂട്ടുകയുംചെയ്തു.

قُلِ اللّٰهُ اَعْلَمُ بِمَا لَبِثُوا لَهُ غَيْبُ السَّمٰوٰتِ

---

* മുന്നൂറു വർഷം ചാന്ദ്രികവർഷമനുസരിച്ച് 309 വർഷമാകുന്നു.

وَالْاَرْضِ بِهٖ وَاَسْمِعْ مَا لَهُمْ مِنْ دُوْنِهٖ مِنْ وَّلِيٍّ وَّلَا
يُشْرِكُ فِيْ حُكْمِهٖٓ اَحَدًا ۝

26. പറയുക: അവർ എത്രകാലം താമസിച്ചുവെന്നു ഏററവും കൂടുതൽ അറിയുന്നതു അല്ലാഹു ആകുന്നു. ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യമായ കാര്യങ്ങളുടെ (അറിവ്) അവനാണുള്ളതു്. അവൻെറ കാഴ്ച എത്ര സൂക്ഷ്മമമാണ്; അവൻെറ കേൾവി എത്ര സ്പഷ്ടമാണ്. അവക്കു് (ആകാശങ്ങളിലേയും ഭൂമിയിലേയും നിവാസികൾക്കു്) അവനല്ലാതെ മററു യാതൊരു സംരക്ഷകനുമില്ല. അവൻ യാതൊരുത്തരേയും അവൻെറ അധികാരത്തിൽ പങ്കുചേക്കുകയില്ല.

وَاتْلُ مَآ اُوْحِيَ اِلَيْكَ مِنْ كِتَابِ رَبِّكَ لَا
مُبَدِّلَ لِكَلِمٰتِهٖ وَلَنْ تَجِدَ مِنْ دُوْنِهٖ مُلْتَحَدًا ۝

27. നിൻെറ നാഥൻെറ കിതാബിൽനിന്നും നിനക്കു അറിയിക്കപ്പെട്ടതിനെ നീ ഓതുക. അവൻെറ വാക്കുകളെ ഭേദപ്പെടുത്തുവാൻ ആക്കും സാധിക്കുകയില്ല. അവനിൽനിന്നല്ലാതെ നിശ്ചയമായും നിനക്കു അഭയം ലഭിക്കുകയുമില്ല.

وَاصْبِرْ نَفْسَكَ مَعَ الَّذِيْنَ يَدْعُوْنَ رَبَّهُمْ بِالْغَدٰوةِ
وَالْعَشِيِّ يُرِيْدُوْنَ وَجْهَهٗ وَلَا تَعْدُ عَيْنٰكَ عَنْهُمْ تُرِيْدُ

زِينَةَ الْحَيٰوةِ الدُّنْيَا وَلَا تُطِعْ مَنْ اَغْفَلْنَا قَلْبَهُ عَنْ ذِكْرِنَا
وَاتَّبَعَ هَوٰيهُ وَكَانَ اَمْرُهُ فُرُطًا ۝

28. തങ്ങളുടെ നാഥന്റെ തൃപ്തിയെ ആഗ്രഹിച്ചുകൊണ്ടു് കാലത്തും വൈകിട്ടും അവനെ വിളിക്കുന്നവരുമായി ചേൎന്നു നിന്റെ ആത്മാവിനെ സംയമനം ചെയ്യുക. ഈ ലോകത്തിലെ ഐശ്വൎയ്യത്തെ കൊതിച്ചു നിന്റെ കണ്ണുകളെ അവരിൽനിന്നും അകററരുതു്. നമ്മെക്കുറിച്ചുള്ള സ്മരണയിൽനിന്നും ഹൃദയത്തെ നാം അശ്രദ്ധമാക്കിയവനെ നീ അനുസരിക്കുകയും ചെയ്യരുതു്. അവൻ അവന്റെ ശരീരേച്ഛയെ അനുഗമിച്ചു. അവന്റെ കാൎയ്യം അതിരുകടന്നു പോകുകയും ചെയ്തു.

وَقُلِ الْحَقُّ مِنْ رَبِّكُمْ فَمَنْ شَاءَ فَلْيُؤْمِنْ وَمَنْ
شَاءَ فَلْيَكْفُرْ اِنَّا اَعْتَدْنَا لِلظّٰلِمِينَ نَارًا اَحَاطَ بِهِمْ
سُرَادِقُهَا وَاِنْ يَسْتَغِيثُوا يُغَاثُوا بِمَاءٍ كَالْمُهْلِ يَشْوِي
الْوُجُوهَ بِئْسَ الشَّرَابُ وَسَاءَتْ مُرْتَفَقًا ۝

29 പറയുക: യാഥാൎത്ഥ്യം നിന്റെനാഥനിൽനിന്നുമാകുന്നു. അതിനാൽ ഇഷ്ടപ്പെടുന്നവൻ ആരാണോ അവൻ വിശ്വസിക്കട്ടെ. ഇഷ്ടപ്പെടുന്നവൻ ആരാണോ അവൻ അവിശ്വസിക്കട്ടെ. നിശ്ചയമായും അക്രമകാരികൾക്കായി നാം അഗ്നി ഒരുക്കിവെച്ചിട്ടുണ്ടു്. അതിന്റെ പുകയും ജ്വാലയും അവരെ വലയംചെയ്യുന്നതാകുന്നു. രക്ഷയ്ക്കു

വേണ്ടി അപേക്ഷിച്ചാൽ ഉരുകിയ ലോഹംപോലെയുള്ള വെള്ളം അവൎക്കു നല്കപ്പെടും. അതു് അവരുടെ മുഖങ്ങളെ പൊള്ളിക്കും. ദുഷിച്ച പാനീയമാണതു്. അസുഖകരമായ വിശ്രമസ്ഥലമാണതു്.

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ إِنَّا لَا نُضِيعُ أَجْرَ
مَنْ أَحْسَنَ عَمَلًا

30. വിശ്വസിക്കുകയും സല്ക്കൎമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ സംബന്ധിച്ചാണെങ്കിൽ— നിശ്ചയമായും സല്ക്കൎമ്മം ചെയ്യുന്നവനുള്ള പ്രതിഫലം നാം പാഴാക്കുകയില്ല.

أُولَٰئِكَ لَهُمْ جَنَّاتُ عَدْنٍ تَجْرِي مِنْ تَحْتِهِمُ الْأَنْهَارُ
يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِنْ ذَهَبٍ وَيَلْبَسُونَ ثِيَابًا
خُضْرًا مِنْ سُنْدُسٍ وَإِسْتَبْرَقٍ مُتَّكِئِينَ فِيهَا عَلَى الْأَرَائِكِ
نِعْمَ الثَّوَابُ وَحَسُنَتْ مُرْتَفَقًا ۝

31. അവൎക്കു ശാശ്വതമായ ഉദ്യാനങ്ങൾ ഉണ്ടു്. അവരുടെ അടിഭാഗത്തുകൂടി നദികൾ ഒഴുകുന്നു. അവിടെ അവർ സ്വൎണ്ണവളകൾ അണിയിക്കപ്പെടും. നേൎത്തതും കട്ടിയുള്ളതുമായ പച്ചപ്പട്ടുകൾകൊണ്ടുള്ള ഉടുപ്പുകൾ അവർ ധരിക്കുകയും ചെയ്യും. അവർ അവിടെ ഉയൎന്ന പൎയ്യങ്കങ്ങളിൽ ചാരിയിരിക്കും. ആ പ്രതിഫലം ഉൽകൃഷ്ടമാണു്. ആ വിശ്രമം ഉത്തമമാണു്.

وَاضْرِبْ لَهُمْ مَثَلًا رَجُلَيْنِ جَعَلْنَا لِأَحَدِهِمَا جَنَّتَيْنِ مِنْ أَعْنَابٍ وَحَفَفْنَاهُمَا بِنَخْلٍ وَجَعَلْنَا بَيْنَهُمَا زَرْعًا ●

32. രണ്ടാളുകളെക്കുറിച്ചുള്ള ഒരു ഉപമ നീ അവരെ പറഞ്ഞുകേൾപ്പിക്കുക. അവരിൽ ഒരാൾക്ക് നാം രണ്ടു മുന്തിരിത്തോട്ടങ്ങൾ നല്കി. അവയെ നാം ഈന്തപ്പനമരങ്ങളാൽ വലയംചെയ്തു അവ രണ്ടിന്റെയും മദ്ധ്യത്തായി നാം പാടങ്ങളെ ഉണ്ടാക്കി.

كِلْتَا الْجَنَّتَيْنِ آتَتْ أُكُلَهَا وَلَمْ تَظْلِمْ مِنْهُ شَيْئًا وَفَجَّرْنَا خِلَالَهُمَا نَهَرًا ●

33 ആ രണ്ടു തോട്ടങ്ങളും അവയുടെ ഫലങ്ങൾ പ്രദാനംചെയ്തു. അക്കാര്യത്തിൽ അല്പംപോലും കുറവുണ്ടായില്ല. അവയുടെ നടുവിലായി നാം ഒരു നദിയെ ഒഴുക്കി.

وَكَانَ لَهُ ثَمَرٌ فَقَالَ لِصَاحِبِهِ وَهُوَ يُحَاوِرُهُ أَنَا أَكْثَرُ مِنْكَ مَالًا وَأَعَزُّ نَفَرًا ●

34. (ധാരാളം) ഫലങ്ങൾ അവനുണ്ടായിരുന്നു. പരസ്പരമുള്ള വാദപ്രതിവാദത്തിനിടയിൽ അവൻ തന്റെ കൂട്ടുകാരനോടു പറഞ്ഞു: "സ്വത്തിൽ നിന്നെക്കാൾ മികച്ചവൻ ഞാൻ ആകുന്നു. ജനങ്ങളുടെ ഇടയിൽ (ഉള്ള

സ്വാധീനശക്തിയിൽ) അന്തസ്സും അധികാരവും കൂടുതലുള്ളതും എനിക്കാണ്.

وَدَخَلَ جَنَّتَهُ وَهُوَ ظَالِمٌ لِنَفْسِهِ قَالَ مَا أَظُنُّ أَنْ
تَبِيدَ هٰذِهِ أَبَدًا ۞

35. അവൻ ആത്മവഞ്ചകനായി അവന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: "ഇതു എപ്പോഴെങ്കിലും നശിക്കുമെന്നു ഞാൻ കരുതുന്നില്ല".

وَمَا أَظُنُّ السَّاعَةَ قَائِمَةً وَلَئِنْ رُدِدْتُ إِلَى رَبِّي
لَأَجِدَنَّ خَيْرًا مِنْهَا مُنْقَلَبًا ۞

36. ആ സമയം (അന്ത്യദിവസം) ആഗതമാകുമെന്നും ഞാൻ കരുതുന്നില്ല. എന്റെ നാഥനിലേക്കു ഞാൻ മടക്കപ്പെട്ടുവെങ്കിൽതന്നെയും മടങ്ങിഎത്തുന്ന സ്ഥാനത്തു് നിശ്ചയമായും അതിനെക്കാൾ ഉത്തമമായതിനെ ഞാൻ കാണും.

قَالَ لَهُ صَاحِبُهُ وَهُوَ يُحَاوِرُهُ أَكَفَرْتَ بِالَّذِي
خَلَقَكَ مِنْ تُرَابٍ ثُمَّ مِنْ نُطْفَةٍ ثُمَّ سَوَّاكَ رَجُلًا ۞

37 അവനുമായുള്ള വാദപ്രതിവാദത്തിനിടയിൽ അവന്റെ കൂട്ടുകാരൻ അവനോടു പറഞ്ഞു: "മണ്ണിൽനിന്നും പിന്നീടു് ഒരു രേതോബിന്ദുവിൽനിന്നും നിന്നെ സൃഷ്ടിക്കുകയും അനന്തരം നിന്നെ പരിപൂർണ്ണ മനുഷ്യ

നാക്കി രൂപപ്പെടുത്തുകയും ചെയ്തവനെ നീ നിഷേധിക്കുന്നുവോ?

لَٰكِنَّا هُوَ اللَّهُ رَبِّي وَلَا أُشْرِكُ بِرَبِّي أَحَدًا ۝

38. "എന്നാൽ എന്നെ സംബന്ധിടത്തോളം, അവൻ-അല്ലാഹു- ആകുന്നു എൻറ നാഥൻ. എൻറ നാഥനോട് മററാരേയും ഞാൻ പങ്കു ചേർക്കുകയില്ല.

وَلَوْلَا إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَاءَ اللَّهُ لَا قُوَّةَ

إِلَّا بِاللَّهِ ۚ إِن تَرَنِ أَنَا أَقَلَّ مِنكَ مَالًا وَوَلَدًا ۝

39. "അല്ലാഹുവിൻറ അഭീഷ്ടം! അല്ലാഹുവിലല്ലാതെ മററാരിലും ശക്തിയില്ല" എന്ന് നിൻറ തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നീ എന്തുകൊണ്ടു പറഞ്ഞില്ല? സമ്പത്തിലും സന്താനങ്ങളിലും നിന്നെക്കാൾ താഴ്ന്നവനായി എന്നെ നീ കാണുന്നുവെങ്കിൽ,

فَعَسَىٰ رَبِّي أَن يُؤْتِيَنِ خَيْرًا مِّن جَنَّتِكَ وَيُرْسِلَ

عَلَيْهَا حُسْبَانًا مِّنَ السَّمَاءِ فَتُصْبِحَ صَعِيدًا زَلَقًا ۝

40. "നിൻറ തോട്ടത്തെക്കാൾ ഉത്തമമായത് എൻറ നാഥൻ എനിക്കു നൽകിയേക്കും. നിൻറ തോട്ടത്തിൽ ആകാശത്തുനിന്ന് ഉഗ്രമായ ശിക്ഷയെ അയച്ച് അതിനെ മരുഭൂമിയാക്കിക്കളയും.

أَوْ يُصْبِحَ مَاؤُهَا غَوْرًا فَلَن تَسْتَطِيعَ لَهُ طَلَبًا ۝

41. “അതല്ലെങ്കിൽ തോട്ടത്തിലെ വെള്ളം നീ അന്വേഷിച്ചാൽ ഒരിക്കലും കാണുവാൻ കഴിയാത്തവിധം ഭൂമിയുടെ അടിയിൽ താഴ്ന്നുപോകും.”

وَأُحِيطَ بِثَمَرِهِ فَأَصْبَحَ يُقَلِّبُ كَفَّيْهِ عَلَىٰ مَا أَنْفَقَ فِيهَا وَهِيَ خَاوِيَةٌ عَلَىٰ عُرُوشِهَا وَيَقُولُ يَا لَيْتَنِي لَمْ أُشْرِكْ بِرَبِّي أَحَدًا ۞

42. അവന്റെ ഫലങ്ങൾ (സമ്പത്ത്) നശിപ്പിക്കപ്പെട്ടു. നശിച്ചു നാമാവശേഷമായവയ്ക്കുവേണ്ടി വ്യയം ചെയ്തതിനെക്കുറിച്ചു അവൻ കൈ മലർത്തുന്നു (പശ്ചാത്തപിക്കുന്നു); അവൻ പറഞ്ഞു: “ഹാ ഞാൻ! എന്റെ നാഥനോടു ഞാൻ ആരേയും പങ്കുചേർക്കാതെയിരുന്നുവെങ്കിൽ.

وَلَمْ تَكُنْ لَهُ فِئَةٌ يَنْصُرُونَهُ مِنْ دُونِ اللَّهِ وَمَا كَانَ مُنْتَصِرًا ۞

43. അവനെ സഹായിക്കുവാൻ അല്ലാഹുവല്ലാതെ അവനു യാതൊരു കൂട്ടരുമില്ലായിരുന്നു. സ്വയം സംരക്ഷിക്കുവാനും അവനു് കഴിഞ്ഞില്ല.

هُنَالِكَ الْوَلَايَةُ لِلَّهِ الْحَقِّ هُوَ خَيْرٌ ثَوَابًا وَخَيْرٌ عُقْبًا ۞

44. അവിടെ സത്യസ്വരൂപനായ അല്ലാഹുവിന്റെ സംരക്ഷണം എത്തുന്നു. പ്രതിഫലം നൽകുവാനും വിജയം നൽകുവാനും ഏററവും കഴിവുള്ളവൻ അവനാകുന്നു.

وَاضْرِبْ لَهُمْ مَثَلَ الْحَيٰوةِ الدُّنْيَا كَمَاءٍ اَنْزَلْنَاهُ مِنَ السَّمَاءِ فَاخْتَلَطَ بِهٖ نَبَاتُ الْاَرْضِ فَاَصْبَحَ هَشِيْمًا تَذْرُوْهُ الرِّيحُ وَكَانَ اللّٰهُ عَلٰى كُلِّ شَيْءٍ مُقْتَدِرًا ۝

45. ഐഹികജീവിതത്തിൻെറ സ്ഥിതി, വെള്ളം (മഴ) പോലെയാണെന്നു നീ അവക്കു വിവരിച്ചുകൊടുക്കുക; അതു നാം ആകാശത്തിൽനിന്നു വർഷിപ്പിക്കുകയും തദ്വാരാ ഭൂമിയിലെ സസ്യലതാദികൾ തഴച്ചു പുലയ്ക്കുകയും അനന്തരം അവ, കാററിൽ പാറിപ്പോകത്തക്കവണ്ണം ഉണങ്ങി നുറുങ്ങുകയും ചെയ്തിരിക്കുന്നു. അല്ലാഹു സർവ്വകാര്യത്തിന്നും കഴിവുള്ളവനാകുന്നു.

اَلْمَالُ وَالْبَنُوْنَ زِيْنَةُ الْحَيٰوةِ الدُّنْيَا وَالْبٰقِيٰتُ الصّٰلِحٰتُ خَيْرٌ عِنْدَ رَبِّكَ ثَوَابًا وَّخَيْرٌ اَمَلًا ۝

46. ധനവും സന്താനങ്ങളും ഐഹികജീവിതത്തിലെ അലങ്കാരങ്ങളാകുന്നു; അനശ്വര സൽകർമ്മങ്ങൾ, നിൻെറ പാലകൻെറ അടുക്കൽ ഉൽകൃഷ്ടഫലദായകങ്ങളും അഭികാമ്യങ്ങളുമത്രെ.

وَيَوْمَ نُسَيِّرُ الْجِبَالَ وَتَرَى الْاَرْضَ بَارِزَةً وَّحَشَرْنٰهُمْ فَلَمْ نُغَادِرْ مِنْهُمْ اَحَدًا ۝

47. പർവ്വതങ്ങളെ നാം നീക്കംചെയ്യുകയും ഭൂമിയെ സമനിരപ്പായി നീ കാണുകയും ആരെയും വിട്ടുകളയാതെ അവരെ നാം ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന ദിവസത്തെ (ഓർമ്മിക്കുക)

وَعُرِضُوا عَلَىٰ رَبِّكَ صَفًّا لَّقَدْ جِئْتُمُونَا كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ ۚ بَلْ زَعَمْتُمْ أَلَّن نَّجْعَلَ لَكُم مَّوْعِدًا ۞

48. നിന്റെ പാലകന്റെ സന്നിധിയിൽ അവർ വരിയായി നിറുത്തപ്പെടുകയാണു്, (അവരോടു പറയപ്പെടും): "നിങ്ങളെ നാം ആദ്യത്തെ പ്രാവശ്യം സൃഷ്ടിച്ചതുപോലെതന്നെ (ഇപ്പോൾ) നിങ്ങൾ നമ്മുടെ അടുക്കൽ വന്നിരിക്കുന്നു. എന്നാൽ (നമ്മുടെ അടുക്കൽ വരുന്നതിന്നു) ഒരു ക്ലിപ്ത സമയം നിങ്ങൾക്കു നാം നിശ്ചയിക്കയില്ലെന്നു നിങ്ങൾ വിചാരിച്ചു."

وَوُضِعَ الْكِتَابُ فَتَرَى الْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَا وَيْلَتَنَا مَالِ هَٰذَا الْكِتَابِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّا أَحْصَاهَا ۚ وَوَجَدُوا مَا عَمِلُوا حَاضِرًا ۗ وَلَا يَظْلِمُ رَبُّكَ أَحَدًا ۞

49. (നന്മതിന്മകൾ രേഖപ്പെടുത്തപ്പെട്ട) പുസ്തകം (അവരുടെ മുമ്പിൽ) വെക്കപ്പെടും; അപ്പോൾ, അതിൽ രേഖപ്പെടുത്തപ്പെട്ടതെന്തോ അതിനെപ്പറ്റി ഭയചകിതരായ നിലയിൽ ദുഷ്കർമ്മകാരികളെ നീ കാണുന്നതാണു്. അവർ പറയും:- "ഹാ! കഷ്ടം! ഇതെന്തൊരു പുസ്തകമാണു്! ചെറുതാകട്ടെ, വലുതാകട്ടെ ഒന്നിനെയും കണക്കാക്കാതെ ഇതു വിട്ടുകളയുന്നില്ല!" അവർ എന്തു പ്രവർത്തിച്ചുവോ അതവർ പ്രത്യക്ഷമായി കാണുകയും ചെയ്യും; നിന്റെ പാലകൻ ആരെയും ദ്രോഹിക്കയില്ല.

وَإِذْ قُلْنَا لِلْمَلٰٓئِكَةِ اسْجُدُوا لِآدَمَ فَسَجَدُوٓا إِلَّآ إِبْلِيسَ كَانَ مِنَ الْجِنِّ فَفَسَقَ عَنْ أَمْرِ رَبِّهِ أَفَتَتَّخِذُونَهُ وَذُرِّيَّتَهُ أَوْلِيَآءَ مِنْ دُونِي وَهُمْ لَكُمْ عَدُوٌّ بِئْسَ لِلظّٰلِمِينَ بَدَلًا ●

50. "നിങ്ങൾ ആദമിനെ നമിക്കുവിൻ" എന്നു നാം മലക്കുകളോടു പറഞ്ഞപ്പോൾ, ഇബ്‌ലീസ് ഒഴികെ, എല്ലാവരും നമിച്ചു; അവൻ 'ജിന്ന്' (വർഗ്ഗത്തിൽ) പെട്ടവനായിരുന്നു; തന്നിമിത്തം അവൻ തന്റെ പരിപാലകന്റെ ആജ്ഞ ലംഘിച്ചു; അവനും അവന്റെ സന്താനങ്ങളും നിങ്ങൾക്കു ശത്രുക്കളായിരിക്കെ, എന്നെ വിട്ടു നിങ്ങൾ അവരെ രക്ഷകരായി സ്വീകരിക്കുന്നോ? അക്രമികളുടെ പ്രതികല്പനം എത്ര നിന്ദാവഹം!

مَآ أَشْهَدْتُّهُمْ خَلْقَ السَّمٰوٰتِ وَالْأَرْضِ وَلَا خَلْقَ أَنْفُسِهِمْ وَمَا كُنْتُ مُتَّخِذَ الْمُضِلِّينَ عَضُدًا ●

51. ആകാശഭൂമികളെ സൃഷ്ടിക്കുന്നതിലോ അവരെതന്നെ സൃഷ്ടിക്കുന്നതിലോ നാം അവരെ സാക്ഷികളാക്കിയിട്ടില്ല; വഴി തെറ്റിക്കുന്നവരെ, ഞാൻ സഹായികളായി സ്വീകരിക്കുന്നതേയല്ല.

وَيَوْمَ يَقُولُ نَادُوا شُرَكَآئِيَ الَّذِينَ زَعَمْتُمْ فَدَعَوْهُمْ فَلَمْ يَسْتَجِيبُوا لَهُمْ وَجَعَلْنَا بَيْنَهُمْ مَوْبِقًا ●

52. "നിങ്ങൾ സങ്കല്പിച്ചിരുന്ന എന്റെ പങ്കുകാരെ

"വിളിക്കുവിൻ" എന്നു അവൻ (അല്ലാഹു) പറയുന്ന ദിവസം (ഓർമ്മിക്കുക.) ഉടനെ അവർ, അവരെ വിളിക്കും; എന്നാൽ അവർ അവർക്കു ഉത്തരം നല്കുന്നതല്ല. അവരുടെ ഇടയിൽ നാം നാശഗർത്തത്തെ നിർമ്മിക്കുന്നതാണു്.

وَرَأَى الْمُجْرِمُونَ النَّارَ فَظَنُّوا أَنَّهُم مُّوَاقِعُوهَا وَلَمْ
يَجِدُوا عَنْهَا مَصْرِفًا ۝

53. ദുഷ്കർമ്മകാരികൾ നരകത്തെ കാണുകയും അപ്പോൾ, തങ്ങൾ അതിൽ ആപതിക്കേണ്ടവരാണെന്നു് അവർ ഭാവിക്കുകയും ചെയ്യും. അതിൽനിന്നു (മാറിനില്ക്കാൻ) ഒരുപായവും അവർ കാണുകയുമില്ല.

وَلَقَدْ صَرَّفْنَا فِي هَٰذَا الْقُرْآنِ لِلنَّاسِ مِن كُلِّ مَثَلٍ وَكَانَ
الْإِنسَانُ أَكْثَرَ شَيْءٍ جَدَلًا ۝

54. ഈ ഖുർആനിൽ ജനങ്ങൾക്കുവേണ്ടി സർവ്വവിധ ഉപമകളേയും നാം വിവരിച്ചിട്ടുണ്ടു്. (എന്നാൽ) മനുഷ്യൻ എത്രയും ദുർവ്വാശിക്കാരനാകുന്നു.

وَمَا مَنَعَ النَّاسَ أَن يُؤْمِنُوا إِذْ جَاءَهُمُ الْهُدَىٰ
وَيَسْتَغْفِرُوا رَبَّهُمْ إِلَّا أَن تَأْتِيَهُمْ سُنَّةُ الْأَوَّلِينَ أَوْ
يَأْتِيَهُمُ الْعَذَابُ قُبُلًا ۝

55. തങ്ങൾക്കു മാർഗ്ഗദർശനം എത്തിയപ്പോൾ വിശ്വ

സിക്കുകയും തങ്ങളുടെ പാലകനോടു മാപ്പിന്നപേക്ഷിക്കുകയും ചെയ്യുന്നതിൽനിന്നു ജനങ്ങളെ തടഞ്ഞതു്, പൂർവികരുടെ (മേൽ വിധിക്കപ്പെട്ടിരുന്ന ദൈവിക) സമ്പ്രദായം (സമൂലം നശിപ്പിക്കൽ) തങ്ങളിൽ ആവർത്തിക്കപ്പെടുകയോ തങ്ങളെ ശിക്ഷ നേരിട്ടു ബാധിക്കുകയോ (ചെയ്യട്ടെ എന്ന അവരുടെ പ്രതീക്ഷ) അല്ലാതെ മറ്റൊന്നുമല്ല.

وَمَا نُرْسِلُ الْمُرْسَلِيْنَ اِلَّا مُبَشِّرِيْنَ وَمُنْذِرِيْنَ وَيُجَادِلُ الَّذِيْنَ كَفَرُوْا بِالْبَاطِلِ لِيُدْحِضُوْا بِهِ الْحَقَّ وَاتَّخَذُوْا اٰيٰتِيْ وَمَا اُنْذِرُوْا هُزُوًا ●

56. സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിവു് നൽകുന്നവരുമായിട്ടല്ലാതെ നാം ദൂതന്മാരെ അയക്കുന്നില്ല. (എന്നാൽ) അവിശ്വാസികൾ, സത്യത്തെ ബലഹീനമാക്കാൻ വേണ്ടി, അന്യായമായി വാദിക്കുന്നു. എന്റെ വചനങ്ങളേയും, യാതൊരു (ശിക്ഷ) കൊണ്ടു അവർ ഭയപ്പെട്ടിരിക്കുന്നുവൊ അതിനെയും അവർ പരിഹാസമാക്കുകയും ചെയ്തിരിക്കുന്നു,

وَمَنْ اَظْلَمُ مِمَّنْ ذُكِّرَ بِاٰيٰتِ رَبِّهٖ فَاَعْرَضَ عَنْهَا وَنَسِيَ مَا قَدَّمَتْ يَدَاهُ اِنَّا جَعَلْنَا عَلٰى قُلُوْبِهِمْ اَكِنَّةً اَنْ يَّفْقَهُوْهُ وَفِيْ اٰذَانِهِمْ وَقْرًا وَاِنْ تَدْعُهُمْ اِلَى الْهُدٰى فَلَنْ يَّهْتَدُوْا اِذًا اَبَدًا ●

57. തന്റെ പാലകന്റെ വചനങ്ങൾ മുഖേന ഉപദേശിക്കപ്പെട്ടപ്പോൾ അവയിൽനിന്നു പിന്തിരിയുകയും

തന്റെ രണ്ടു കൈകൾ പ്രവർത്തിച്ച (പാപകർമ്മങ്ങളെ) വിസ്മരിക്കുകയും ചെയ്തവനെക്കാൾ അക്രമി ആരാണുള്ളത്? നിശ്ചയമായും അതു (ഖുർആൻ) ഗ്രഹിക്കുന്നതിൽനിന്നു നാം അവരുടെ ഹൃദയങ്ങളിന്മേൽ മൂടികളിട്ടിരിക്കുന്നു. അവരുടെ കാതുകളിൽ അടപ്പുകളും; അതിനാൽ, നീ അവരെ സന്മാർഗ്ഗത്തിലേക്കു ക്ഷണിക്കുകയാണെങ്കിൽ (തന്നെ) അവർ ഒരിക്കലും സന്മാർഗ്ഗം പ്രാപിക്കുകയില്ല. നിശ്ചയം.

وَرَبُّكَ الْغَفُورُ ذُو الرَّحْمَةِ لَوْ يُؤَاخِذُهُمْ بِمَا كَسَبُوا
لَعَجَّلَ لَهُمُ الْعَذَابَ بَلْ لَهُمْ مَوْعِدٌ لَنْ يَجِدُوا مِنْ
دُونِهِ مَوْئِلًا ●

58. നിന്റെ പരിപാലകൻ മാപ്പുകൊടുക്കുന്നവനും ദയയുള്ളവനുമാകുന്നു. അവർ പ്രവർത്തിച്ചതെന്തോ അതനുസരിച്ച് അവൻ അവരെ പിടികൂടുകയാണെങ്കിൽ അവൻ അവർക്കു ശിക്ഷയെ ത്വരിതപ്പെടുത്തുമായിരുന്നു. എന്നാൽ അവർക്കു ഒരു നിശ്ചിതസമയമുണ്ട്; അല്ലാതെ യാതൊരു അഭയസ്ഥാനവും അവർ കാണുകയില്ല.

وَتِلْكَ الْقُرَى أَهْلَكْنَاهُمْ لَمَّا ظَلَمُوا وَجَعَلْنَا لِمَهْلِكِهِمْ مَوْعِدًا ●

59. ആ നഗരവാസികൾ അധർമ്മം പ്രവർത്തിച്ചപ്പോൾ, നാം അവരെ നശിപ്പിച്ചിരിക്കുന്നു. അവരുടെനാശത്തിനു നാം ഒരു സമയം നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

وَإِذْ قَالَ مُوسَى لِفَتَيهُ لَا أَبْرَحُ حَتَّى أَبْلُغَ مَجْمَعَ الْبَحْرَيْنِ
أَوْ أَمْضِيَ حُقُبًا ●

14371.

60. "രണ്ടു സമുദ്രങ്ങളുടെ സംഗമസ്ഥലത്തെത്തുന്നതുവരെ ഞാൻ (യാത്ര) തുടരുകതന്നെ ചെയ്യും; അല്ലെങ്കിൽ ദീർഘകാലം ഞാൻ നടന്നുകൊണ്ടേയിരിക്കുന്നതാണു" എന്നു മൂസാ തൻെറ വാല്യക്കാരനോടു പറഞ്ഞ അവസരത്തെ (നീ ഓർമ്മിക്കുക.)

فَلَمَّا بَلَغَا مَجْمَعَ بَيْنِهِمَا نَسِيَا حُوتَهُمَا فَاتَّخَذَ سَبِيلَهُ

فِي الْبَحْرِ سَرَبًا ۝

61. അവർ രണ്ടുപേരും അവ രണ്ടിൻെറയും സംയോഗസ്ഥലത്തെത്തിയപ്പോൾ അവർ തങ്ങളുടെ മത്സ്യത്തെ മറന്നുകളയുകയും അനന്തരം അതു (മത്സ്യം) സമുദ്രത്തിൽ അതിൻെറ ഗമനമാർഗ്ഗത്തെ ഒരു 'മട' യെന്നപോലെയാക്കിത്തീർക്കുകയും ചെയ്തു.

فَلَمَّا جَاوَزَا قَالَ لِفَتَاهُ آتِنَا غَدَاءَنَا لَقَدْ لَقِينَا مِنْ سَفَرِنَا

هَٰذَا نَصَبًا ۝

62. അവർ രണ്ടാളും (അവിടന്നു) കടന്നുപോയപ്പോൾ മൂസാ തൻെറ വാല്യക്കാരനോടു പറഞ്ഞു:- "നമ്മുടെ പ്രാതൽ കൊണ്ടുവരിക; തീർച്ചയായും നമ്മുടെ ഈ യാത്രയിൽ നാം വളരെ ക്ഷീണിച്ചിരിക്കുന്നു."

قَالَ أَرَأَيْتَ إِذْ أَوَيْنَا إِلَى الصَّخْرَةِ فَإِنِّي نَسِيتُ الْحُوتَ

وَمَا أَنْسَانِيهُ إِلَّا الشَّيْطَانُ أَنْ أَذْكُرَهُ وَاتَّخَذَ سَبِيلَهُ

فِي الْبَحْرِ عَجَبًا ۝

63. (വാല്യക്കാരൻ) പറഞ്ഞു:- "കണ്ടുവോ! നമ്മൾ (ആ) പാറക്കല്ലിന്മേൽ സങ്കേതം പ്രാപിച്ചപ്പോൾ ഞാൻ (ആ) മത്സ്യത്തെ മറന്നു; നിശ്ചയം. അതു ഓൎമ്മിക്കുന്നതിൽനിന്നു എനിക്കു മറതിയുണ്ടാക്കിയതു് പിശാചല്ലാതെ മററാരുമല്ല. അതു (മത്സ്യം) സമുദ്രത്തിൽ അതിന്റെ ഗമനമാൎഗ്ഗത്തെ വിസ്മയകരമാക്കിത്തീൎത്തു.

قَالَ ذٰلِكَ مَا كُنَّا نَبْغِ فَارْتَدَّا عَلٰى اٰثَارِهِمَا قَصَصًا ۝

64. (മൂസാ) പറഞ്ഞു:- "അതുതന്നെയാണു നാം ആഗ്രഹിച്ചിരുന്നതു്; അനന്തരം അവർ രണ്ടുപേരും തങ്ങളുടെ കാലടി നോക്കിയുംകൊണ്ടു പിന്നോക്കം മടങ്ങി.

فَوَجَدَا عَبْدًا مِنْ عِبَادِنَا اٰتَيْنٰهُ رَحْمَةً مِنْ عِنْدِنَا
وَعَلَّمْنٰهُ مِنْ لَدُنَّا عِلْمًا ۝

65. അപ്പോൾ അവർ രണ്ടുപേരും നമ്മുടെ ദാസന്മാരിൽ ഒരാളെ കണ്ടുമുട്ടി. അദ്ദേഹത്തിനു നാം നമ്മുടെ പക്കൽനിന്നു അനുഗ്രഹം നൽകുകയും നമ്മുടെ സന്നിധിയിൽനിന്നു വിജ്ഞാനം പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു.

قَالَ لَهُ مُوسٰى هَلْ اَتَّبِعُكَ عَلٰى اَنْ تُعَلِّمَنِ مِمَّا عُلِّمْتَ رُشْدًا ۝

66. നിങ്ങൾക്കു് പഠിപ്പിക്കപ്പെട്ടിരിക്കുന്ന യഥാൎത്ഥ വിജ്ഞാനത്തിൽനിന്നും, നിങ്ങൾ എന്നെ പഠിപ്പിക്കുമെന്ന നിശ്ചയത്തിന്മേൽ ഞാൻ നിങ്ങളെ അനുഗമിക്കട്ടെയോ?" എന്നു മൂസാ അദ്ദേഹത്തോടു പറഞ്ഞു.

قَالَ إِنَّكَ لَن تَسْتَطِيعَ مَعِيَ صَبْرًا وَكَيْفَ تَصْبِرُ
عَلَىٰ مَا لَمْ تُحِطْ بِهِ خُبْرًا ❁

67, 68. അദ്ദേഹം പറഞ്ഞു:"നിശ്ചയമായും എന്റെ കൂടെ സഹിച്ചിരിക്കുവാൻ നിങ്ങൾക്കു സാധിക്കയില്ല. നിങ്ങൾ പരിപൂർണ്ണമായി ഗ്രഹിച്ചിട്ടില്ലാത്ത ഒന്നിനെപ്പററി നിങ്ങൾ എങ്ങിനെ ക്ഷമിക്കും?"

قَالَ سَتَجِدُنِي إِن شَاءَ اللَّهُ صَابِرًا وَلَا أَعْصِي لَكَ أَمْرًا ❁

69. മൂസാ പറഞ്ഞു:- "അല്ലാഹു ഇച്ഛിച്ചുവെങ്കിൽ നിങ്ങൾക്കെന്നെ ക്ഷമാശീലനായി കാണാം. ഞാൻ നിങ്ങളുടെ ആജ്ഞയെയും ലംഘിക്കുകയില്ല."

قَالَ فَإِنِ اتَّبَعْتَنِي فَلَا تَسْأَلْنِي عَن شَيْءٍ حَتَّىٰ أُحْدِثَ
لَكَ مِنْهُ ذِكْرًا ❁

70. അദ്ദേഹം പറഞ്ഞു:- "നിങ്ങൾ എന്നെ അനുഗമിക്കുന്നുണെങ്കിൽ ഒന്നിനെപ്പററിയും, തൽസംബന്ധമായി ഞാൻ നിങ്ങളോടു പ്രസ്താവിക്കുന്നതുവരെ, നിങ്ങൾ എന്നോടു ചോദിക്കരുതു."

فَانطَلَقَا حَتَّىٰ إِذَا رَكِبَا فِي السَّفِينَةِ خَرَقَهَا قَالَ أَخَرَقْتَهَا
لِتُغْرِقَ أَهْلَهَا لَقَدْ جِئْتَ شَيْئًا إِمْرًا ❁

71. അനന്തരം അവർ (രണ്ടുപേരും) നടന്നു. അങ്ങിനെ അവർ കപ്പലിൽ കയറിയപ്പോൾ അദ്ദേഹം അതിനു

(അടിയിൽ ഒരു) തുളയുണ്ടാക്കി. മൂസാപറഞ്ഞു:- "അതിലുള്ളവരെ മുക്കിക്കൊല്ലുവാൻവേണ്ടി നിങ്ങൾ അതിനെ തുളച്ചുവോ? നിശ്ചയമായും ആപല്കരമായ ഒരു കാര്യമാണ് നിങ്ങൾ ചെയ്തത്.

قَالَ أَلَمْ أَقُلْ إِنَّكَ لَن تَسْتَطِيعَ مَعِيَ صَبْرًا ﴿﴾

72. അദ്ദേഹംപറഞ്ഞു:- "എന്റെകൂടെ സഹിച്ചിരിക്കാൻ നിങ്ങൾക്ക സാധിക്കയില്ലെന്നു ഞാൻ പറഞ്ഞില്ലേ?"

قَالَ لَا تُؤَاخِذْنِي بِمَا نَسِيتُ وَلَا تُرْهِقْنِي مِنْ أَمْرِي عُسْرًا ﴿﴾

73. മൂസാപറഞ്ഞു:- "ഞാൻ മറന്ന ഒന്നിനെസംബന്ധിച്ച് നിങ്ങൾ എന്നെ ആക്ഷേപിക്കരുതേ; എന്റെ (യാത്ര) കാര്യത്തിൽ വൈഷമ്യമുണ്ടാക്കുകയും ചെയ്യരുതേ."

فَانطَلَقَا حَتَّىٰ إِذَا لَقِيَا غُلَامًا فَقَتَلَهُ قَالَ أَقَتَلْتَ نَفْسًا

زَكِيَّةً بِغَيْرِ نَفْسٍ لَّقَدْ جِئْتَ شَيْئًا نُّكْرًا ﴿﴾

74. (ഇനിയും) അവർ നടന്നു. "അങ്ങിനെ അവർ ഒരു ബാലനെ കാണുകയും, അദ്ദേഹം അവനെ കൊലപ്പെടുത്തുകയും ചെയ്തപ്പോൾ മൂസാപറഞ്ഞു:- "മറ്റൊരാത്മാവി(നെ വധിച്ചതി)നു പകരമായിട്ടല്ലാതെ, നിർദ്ദോഷിയായ ഒരാളെ നിങ്ങൾ വധിച്ചുവോ? അതിക്ഷേപാർഹമായ ഒരു കാര്യമാണ് നിങ്ങൾ ചെയ്തത്; നിശ്ചയം."

قَالَ أَلَمْ أَقُل لَّكَ إِنَّكَ لَن تَسْتَطِيعَ مَعِيَ صَبْرًا ﴿﴾

75. എന്റെകൂടെ സഹിച്ചിരിക്കാൻ നിങ്ങൾക്ക്

സാധിക്കയില്ലെന്ന നിങ്ങളോടു ഞാൻ പറഞ്ഞില്ലേ? എന്ന ദ്ദേഹം പറഞ്ഞു.

قَالَ إِنْ سَأَلْتُكَ عَنْ شَيْءٍ بَعْدَهَا فَلَا تُصَاحِبْنِي قَدْ بَلَغْتَ مِنْ لَدُنِّي عُذْرًا ●

76. മൂസാപറഞ്ഞു:— "ഇതിനുശേഷം വല്ലതിനെ പ്പററിയും ഞാൻ നിങ്ങളോടു ചോദിച്ചെങ്കിൽ നിങ്ങഠം എന്നെ കൂട്ടുകാരനാക്കേണ്ടതില്ല; എന്നിൽനിന്നു (തന്നെ) നിങ്ങഠംക്കു ഒഴികഴിവു കിട്ടിക്കഴിഞ്ഞു."

فَانْطَلَقَا حَتَّى إِذَا أَتَيَا أَهْلَ قَرْيَةٍ اسْتَطْعَمَا أَهْلَهَا فَأَبَوْا أَنْ يُضَيِّفُوهُمَا فَوَجَدَا فِيهَا جِدَارًا يُرِيدُ أَنْ يَنْقَضَّ فَأَقَامَهُ قَالَ لَوْ شِئْتَ لَتَخَذْتَ عَلَيْهِ أَجْرًا ●

77. പിന്നെയും അവർ (രണ്ടുപേരും) നടന്നു; അങ്ങ നെ അവർ ഒരു ഗ്രാമവാസികളുടെ അടുത്തു ചെന്നപ്പോഠം അവിടത്തുകാരോടു് ആഹാരമാവശ്യപ്പെട്ടു; എന്നാൽ അവർ രണ്ടാളെയും അതിഥികളായി സ്വീകരിക്കാൻ ഇവർകൂട്ടാ ക്കിയില്ല. അനന്തരം അവരിരുവരും അവിടെ പൊളിഞ്ഞു വീഴാറായ ഒരു മതിൽകണ്ടു; അപ്പോഠം അതിനെ അദ്ദേഹം (ആ ദാസൻ) നേരെ നിറുത്തി; (മൂസാ) പറഞ്ഞു:— "നിങ്ങഠം ഇഷ്ടപ്പെട്ടുവെങ്കിൽ ഇതിന്നു പ്രതിഫലം വാങ്ങാ മായിരുന്നു."

قَالَ هٰذَا فِرَاقُ بَيْنِي وَبَيْنِكَ سَأُنَبِّئُكَ بِتَأْوِيلِ مَا لَمْ
تَسْتَطِعْ عَلَيْهِ صَبْرًا ۝

78. അദ്ദേഹം പറഞ്ഞു:— ഇതു ഞാനും നിങ്ങളും തമ്മിലുള്ള വേർപാടാണ്. ഏതൊന്നിനെപ്പററി ക്ഷമിച്ചിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ലയോ അതിന്റെ വിവരണം ഞാൻ പറഞ്ഞുതരാം.

أَمَّا السَّفِينَةُ فَكَانَتْ لِمَسَاكِينَ يَعْمَلُونَ فِي الْبَحْرِ فَأَرَدْتُ
أَنْ أَعِيبَهَا وَكَانَ وَرَاءَهُمْ مَلِكٌ يَأْخُذُ كُلَّ
سَفِينَةٍ غَصْبًا ۝

79. ആ കപ്പലാണെങ്കിൽ, കടലിൽപണിയെടു(ത്തു നാൾകഴി)ക്കുന്ന ചില സാധുക്കളുടേതായിരുന്നു; അതിനാൽ അതിനെ കേടുവരുത്താൻ ഞാൻ ഉദ്ദേശിച്ചു. (എന്തെന്നാൽ കേടില്ലാത്ത) സർവ്വ കപ്പലുകളേയും ബലാല്ക്കാരമായി പിടിച്ചെടുക്കുന്ന ഒരു രാജാവു അവരുടെ പിന്നിൽ ഉണ്ടായിരുന്നു.

وَأَمَّا الْغُلَامُ فَكَانَ أَبَوَاهُ مُؤْمِنَيْنِ فَخَشِينَا أَنْ
يُرْهِقَهُمَا طُغْيَانًا وَكُفْرًا ۚ فَأَرَدْنَا أَنْ يُبْدِ
لَهُمَا رَبُّهُمَا خَيْرًا مِنْهُ زَكٰوةً وَأَقْرَبَ رُحْمًا ۝

80, 81. (ഇനി) ആ ബാലനാണെങ്കിൽ, അവന്റെ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു; (തന്റെ)

ദ്ധന്തപ്പും അവിശ്വാസവും വഴി അവൻ അവരെ അലട്ടുമെന്നു നാം ഭയപ്പെടുകയാൽ, അവനെക്കാൾ പരിശുദ്ധതയുള്ളതും (അവരോടു) കൂടുതൽ സ്നേഹബന്ധമുള്ളതുമായ ഒരു സന്താനത്തെ അവരുടെ പാലകൻ അവൎക്ക് പകരം നല്കുവാൻ നാം ആഗ്രഹിച്ചു.

وَأَمَّا الْجِدَارُ فَكَانَ لِغُلَٰمَيْنِ يَتِيمَيْنِ فِي الْمَدِينَةِ وَكَانَ
تَحْتَهُ كَنزٌ لَّهُمَا وَكَانَ أَبُوهُمَا صَالِحًا فَأَرَادَ رَبُّكَ أَن
يَبْلُغَا أَشُدَّهُمَا وَيَسْتَخْرِجَا كَنزَهُمَا رَحْمَةً مِّن رَّبِّكَ
وَمَا فَعَلْتُهُ عَنْ أَمْرِي ذَٰلِكَ تَأْوِيلُ مَا لَمْ تَسْطِع
عَّلَيْهِ صَبْرًا ۝

82. (പിന്നെ) ആ മതിലാണെങ്കിൽ (ആ) പട്ടണത്തിലെ രണ്ടു അനാഥ ബാലന്മാരുടേതായിരുന്നു; അതിൻെറ കീഴിൽ അവൎക്കുള്ള നിക്ഷേപ (സ്വത്തു) മുണ്ടായിരുന്നു; അവരുടെ പിതാവു ഒരു സല്ക്കൎമ്മകാരിയുമായിരുന്നു. അതിനാൽ, അവർ യുക്തവയസ്സ് പ്രാപിക്കുകയും തങ്ങളുടെ നിക്ഷേപം പുറത്തെടുക്കുകയും ചെയ്യണമെന്നു നിങ്ങളുടെ പാലകൻ, അവൻെറ കാരുണ്യത്താൽ ഇച്ഛിച്ചു; ഞാൻ ഇതു എൻെറ സ്വന്തംനിലയിൽ ചെയ്തിട്ടില്ല, നിങ്ങൾക്കു സഹിച്ചിരിക്കാൻ സാധിച്ചിട്ടില്ലാത്തതെന്തോ അതിൻെറ വിവരണമത്രെ അതു്.

وَيَسْأَلُونَكَ عَن ذِي الْقَرْنَيْنِ قُلْ سَأَتْلُوا عَلَيْكُم

مِنْهُ ذِكْرًا ۝ إِنَّا مَكَّنَّا لَهُ فِي الْأَرْضِ وَآتَيْنَاهُ مِنْ
كُلِّ شَيْءٍ سَبَبًا ۝ فَأَتْبَعَ سَبَبًا ۝

83, 84. അവർ നിന്നോടു ദുൽഖർനൈനി (അലക്സാണ്ടർ) നെപ്പററി ചോദിക്കുന്നു; 'നിങ്ങൾക്കു അദ്ദേഹത്തെ സംബന്ധിച്ച വൃത്താന്തം ഞാൻ പറഞ്ഞുതരാം' എന്നു നീ (അവരോടു) പറയുക: നിശ്ചയമായും നാം അദ്ദേഹത്തിനു ഭൂമിയിൽ സ്വാധീനശക്തി നൽകുകയും സർവ്വവിധകാര്യങ്ങൾക്കുമുള്ള ഉപകരണങ്ങൾ കൊടുക്കുകയും ചെയ്തിരിക്കുന്നു. അനന്തരം അദ്ദേഹം ഒരുവഴിക്കുപോയി.

حَتَّىٰ إِذَا بَلَغَ مَغْرِبَ الشَّمْسِ وَجَدَهَا تَغْرُبُ فِي عَيْنٍ
حَمِئَةٍ وَوَجَدَ عِنْدَهَا قَوْمًا ۝

85. അങ്ങനെ അദ്ദേഹം സൂര്യാസ്തമനസ്ഥലത്തെത്തിയപ്പോൾ അതു (സൂര്യൻ) ചളിപ്രധാനമായ ഒരു ജലാശയത്തിൽ മറയുന്നതുകണ്ടു; അതിൻെറ അടുത്തു ഒരു ജനതയേയും അദ്ദേഹം കണ്ടു.

قُلْنَا يَا ذَا الْقَرْنَيْنِ إِمَّا أَنْ تُعَذِّبَ وَإِمَّا أَنْ تَتَّخِذَ فِيهِمْ حُسْنًا ۝

86. നാം പറഞ്ഞു:— ഹേ, ദുൽഖർനൈൻ! ഒന്നുകിൽ (അവരെ) നീ ശിക്ഷിക്കുക; അല്ലെങ്കിൽ അവരോടു നല്ല നിലയിൽ പെരുമാറുക.

قَالَ أَمَّا مَنْ ظَلَمَ فَسَوْفَ نُعَذِّبُهُ ثُمَّ يُرَدُّ إِلَىٰ رَبِّهِ
فَيُعَذِّبُهُ عَذَابًا نُكْرًا ۝

87. അദ്ദേഹം (ദുൽഖർനൈനൻ) പറഞ്ഞു:- അക്രമം പ്രവൎത്തിച്ചവനാണെങ്കിൽ, നാം അവനെ ശിക്ഷിക്കുന്നതും അനന്തരം അവൻ തന്റെ രക്ഷിതാവിങ്കലേക്കു മടക്കപ്പെടുന്നതും അവൻ (രക്ഷിതാവു) അവന്നു ഉഗ്രമായ ശിക്ഷ നൽകുന്നതുമാകുന്നു.

وَأَمَّا مَنْ آمَنَ وَعَمِلَ صَالِحًا فَلَهُ جَزَاءً الْحُسْنَىٰ وَ
سَنَقُولُ لَهُ مِنْ أَمْرِنَا يُسْرًا ۝

88. വിശ്വസിക്കുകയും സൽകൎമ്മം അനുഷ്ഠിക്കുകയും ചെയ്യുവനാണെങ്കിൽ, അവന്നു അത്യുത്തമമായ (സ്വൎഗ്ഗീയ) പ്രതിഫലമുണ്ടു്. സൌകൎയ്യപ്രദമായ അനുജ്ഞകൾ നാം അവന്നു നൽകുന്നതുമാണു്.

ثُمَّ أَتْبَعَ سَبَبًا. حَتَّىٰ إِذَا بَلَغَ مَطْلِعَ الشَّمْسِ وَجَدَهَا
تَطْلُعُ عَلَىٰ قَوْمٍ لَمْ نَجْعَلْ لَهُمْ مِنْ دُونِهَا سِتْرًا ۝

89. 90. പിന്നെ അദ്ദേഹം ഒരു വഴിയിൽ പ്രവേശിച്ചു. അങ്ങനെ സൂൎയ്യോദയസ്ഥലത്തെത്തിയപ്പോൾ സൂൎയ്യൻ ഒരു ജനതയുടെ മേൽ ഉദിക്കുന്നതായി അദ്ദേഹം കണ്ടു. അതിന്റെ ഉപദ്രവത്തിൽനിന്നു (രക്ഷപ്പെടാൻ) നാം അവൎക്കു യാതൊരു മറവും ഉണ്ടാക്കിയിട്ടില്ല.

كَذَٰلِكَ وَقَدْ أَحَطْنَا بِمَا لَدَيْهِ خُبْرًا ۝

91. (ദുൽഖർനൈനിയുടെ സ്ഥിതി) ഇപ്രകാരമാണു്. അദ്ദേഹത്തിന്റെ പക്കലുള്ള (കഴിവുകളെ) പററി നമുക്കു പരിപൂൎണ്ണജ്ഞാനമുണ്ടു്.

ثُمَّ أَتْبَعَ سَبَبًا حَتَّى إِذَا بَلَغَ بَيْنَ السَّدَّيْنِ وَجَدَ مِنْ
دُونِهِمَا قَوْمًا لَا يَكَادُونَ يَفْقَهُونَ قَوْلًا ۝

92. 93. പിന്നെ അദ്ദേഹം (ഉത്തരഭാഗത്തേക്കുള്ള) ഒരു വഴിയിൽ പ്രവേശിച്ചു. അങ്ങനെ (ആ) രണ്ടു പർവ്വതങ്ങളുടെ ഇടയിൽ എത്തിയപ്പോൾ അവയുടെ മുമ്പിൽ (ഇപ്പുറം) വാക്കു (സംഭാഷണം) മനസ്സിലാക്കാൻ കഴിയാത്ത ഒരു കൂട്ടരെ അദ്ദേഹം കണ്ടു.

قَالُوا يَا ذَا الْقَرْنَيْنِ إِنَّ يَأْجُوجَ وَمَأْجُوجَ مُفْسِدُونَ
فِي الْأَرْضِ فَهَلْ نَجْعَلُ لَكَ خَرْجًا عَلَى أَنْ تَجْعَلَ
بَيْنَنَا وَبَيْنَهُمْ سَدًّا ۝

94. അവർ പറഞ്ഞു:— ദുൽഖർനൈൻ, യഅ്ജൂജും മഅ്ജൂജും ഭൂമിയിൽ നാശമുണ്ടാക്കുന്നവരാണ്. ഞങ്ങളുടെയും അവരുടെയും മദ്ധ്യത്തിൽ ഒരു കോട്ടമതിൽ ഉണ്ടാക്കിത്തരുമെന്ന നിശ്ചയത്തിന്മേൽ ഞങ്ങൾ നിങ്ങൾക്ക് ഒരു കപ്പം തീർച്ചപ്പെടുത്തട്ടയോ?

قَالَ مَا مَكَّنِّي فِيهِ رَبِّي خَيْرٌ فَأَعِينُونِي بِقُوَّةٍ أَجْعَلْ
بَيْنَكُمْ وَبَيْنَهُمْ رَدْمًا ۝

95. അദ്ദേഹം പറഞ്ഞു:— 'എന്റെ പാലകൻ എനിക്കു സ്വാധീനമാക്കിത്തന്നിട്ടുള്ള (ധനം നിങ്ങളുടെ

സഹായധനത്തേക്കാൾ) ഉത്തമമായിട്ടുള്ളതാകുന്നു. (ദേഹ) ശക്തികൊണ്ടു നിങ്ങൾ എന്നെ സഹായിക്കുവിൻ; നിങ്ങളുടെയും അവരുടെയും മദ്ധ്യത്തിൽ ഞാൻ ഒരു മതിൽ ഉണ്ടാക്കിത്തരാം.'

آتُونِي زُبَرَ الْحَدِيدِ حَتَّىٰ إِذَا سَاوَىٰ بَيْنَ الصَّدَفَيْنِ قَالَ انفُخُوا حَتَّىٰ إِذَا جَعَلَهُ نَارًا قَالَ آتُونِي أُفْرِغْ عَلَيْهِ قِطْرًا ●

96. 'നിങ്ങൾ എനിക്കു ഇരുമ്പുകട്ടികൾ കൊണ്ടു തരുവിൻ; അങ്ങനെ (ആ) രണ്ടു മലയോരങ്ങളുടെ ഇട (നികത്തി) സമനിരപ്പാക്കിയപ്പോൾ 'നിങ്ങൾ (തീ കത്തിച്ചു) ഊതുവിൻ' എന്നദ്ദേഹം പറഞ്ഞു. അങ്ങനെ (ഊതി) അതിനെ തീ (പോലെ) യാക്കി. (അനന്തരം) അദ്ദേഹം പറഞ്ഞു:— 'അതിന്മേൽ ഒഴിക്കുവാൻ നിങ്ങൾ ചെമ്പുദ്രാവകം കൊണ്ടുവരുവിൻ.'

فَمَا اسْطَاعُوا أَن يَظْهَرُوهُ وَمَا اسْتَطَاعُوا لَهُ نَقْبًا ●

97. അതിനാൽ അവർക്കു (യഅ്ജൂജിനും മഅ്ജൂജിനും) അതു കയറിമറിയാനോ തുര(ന്നുകട)ക്കാനോ സാധിച്ചില്ല.

قَالَ هَٰذَا رَحْمَةٌ مِّن رَّبِّي فَإِذَا جَاءَ وَعْدُ رَبِّي جَعَلَهُ دَكَّاءَ وَكَانَ وَعْدُ رَبِّي حَقًّا ●

98. അദ്ദേഹം പറഞ്ഞു:— ഇതു് എന്റെ പാലകന്റെ പക്കൽനിന്നുമുള്ള ഒരു അനുഗ്രഹമാകുന്നു. എന്റെ പാലകന്റെ നിശ്ചയമെത്തിയാൽ ഇതിനെ അവൻ പൊടിച്ചു സമനിരപ്പാക്കുന്നതാണു്. എന്റെ പാലകന്റെ വാഗ്ദാനം യഥാർത്ഥമത്രെ.

وَتَرَكْنَا بَعْضَهُمْ يَوْمَئِذٍ يَمُوجُ فِي بَعْضٍ وَنُفِخَ فِي الصُّورِ

فَجَمَعْنَاهُمْ جَمْعًا ۝

99. ആ ദിവസം അവരിൽ ചിലരെ ചിലരുടെ മേൽ കയറിമറിയുന്നവരായി നാം വിടുന്നതാണു്; കാഹളം ഊതപ്പെടും; അപ്പോൾ അവരെയെല്ലാം നാം ഒന്നിച്ചു കൂട്ടുന്നതാണു്.

وَعَرَضْنَا جَهَنَّمَ يَوْمَئِذٍ لِلْكَافِرِينَ عَرْضًا ۝ الَّذِينَ كَانَتْ

أَعْيُنُهُمْ فِي غِطَاءٍ عَنْ ذِكْرِي وَكَانُوا لَا

يَسْتَطِيعُونَ سَمْعًا ۝

100· 101. അന്നേദിവസം, ആരുടെ നയനങ്ങൾ എന്റെ പ്രബോധനത്തെ സംബന്ധിച്ചു തിമിരബാധിതങ്ങളായിരിക്കുകയും (ആർ അതു്) കേൾക്കാൻ കഴിയാത്തവരായിരിക്കുകയും ചെയ്തിരിക്കുന്നുവോ ആ അവിശ്വാസികൾക്കു നാം നരകത്തെ കാണിക്കുകയും ചെയ്യും.

أَفَحَسِبَ الَّذِينَ كَفَرُوا أَنْ يَتَّخِذُوا عِبَادِي مِنْ دُونِي
أَوْلِيَاءَ ۚ إِنَّا أَعْتَدْنَا جَهَنَّمَ لِلْكَافِرِينَ نُزُلًا ۝

102. എന്നാൽ അവിശ്വാസികൾ, എന്നെ വിട്ട് എന്റെ ദാസന്മാരെ രക്ഷകന്മാരാക്കാമെന്നു വിചാരിച്ചുവോ? നിശ്ചയമായും നാം നരകത്തെ അവിശ്വാസികൾക്കു വാസസ്ഥലമായി ഒരുക്കിവച്ചിരിക്കുന്നു.

قُلْ هَلْ نُنَبِّئُكُمْ بِالْأَخْسَرِينَ أَعْمَالًا ۝
الَّذِينَ ضَلَّ سَعْيُهُمْ فِي الْحَيَاةِ الدُّنْيَا وَهُمْ يَحْسَبُونَ
أَنَّهُمْ يُحْسِنُونَ صُنْعًا ۝

103. 104. പറയുക; തങ്ങൾ പുണ്യകർമ്മങ്ങൾ ചെയ്യുകയാണെന്നു വിചാരിക്കവെ, ഐഹികജീവിതത്തിൽ ആരുടെ പ്രയത്നങ്ങൾ പിഴച്ചുപോയിരിക്കുന്നുവോ ആ കർമ്മങ്ങൾ നഷ്ടപ്പെട്ടവരെപ്പറ്റി നിങ്ങളെ നാം അറിയിക്കട്ടെയോ?

أُولَٰئِكَ الَّذِينَ كَفَرُوا بِآيَاتِ رَبِّهِمْ وَلِقَائِهِ فَحَبِطَتْ
أَعْمَالُهُمْ فَلَا نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا ۝

105. തങ്ങളുടെ പാലകന്റെ ലക്ഷ്യങ്ങളെയും അവന്റെ ദർശനത്തേയും നിഷേധിക്കുകയും തന്നിമിത്തം

കാൎയ്യങ്ങൾ നിഷ്ഫലങ്ങളായി ഭവിക്കുകയും ചെയ്യുവരത്രെ അവർ; അന്ത്യനാളിൽ അവൎക്കു യാതൊരു നിലയും നാം കല്പിക്കുന്നതല്ല.

ذٰلِكَ جَزَاؤُهُمْ جَهَنَّمُ بِمَا كَفَرُوا وَاتَّخَذُوا اٰيٰتِي
وَرُسُلِي هُزُوًا ۝

106. കാൎയ്യം (പറയുകയാണെങ്കിൽ) അവിശ്വസിക്കുകയും എന്റെ ലക്ഷ്യങ്ങളെയും എന്റെ ദൂതന്മാരേയും പരിഹാസപാത്രങ്ങളാക്കുകയും ചെയ്തുനിമിത്തം അവരുടെ പ്രതിഫലം നരകമാകുന്നു.

اِنَّ الَّذِيْنَ اٰمَنُوا وَعَمِلُوا الصّٰلِحٰتِ كَانَتْ لَهُمْ جَنّٰتُ
الْفِرْدَوْسِ نُزُلًا ۙ خٰلِدِيْنَ فِيْهَا لَا يَبْغُوْنَ عَنْهَا حِوَلًا ۝

107. 108. തീൎച്ചയായും വിശ്വസിക്കുകയും സൽക്കൎമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ അവൎക്കു സ്വൎഗ്ഗീയാരാമങ്ങൾ വാസസ്ഥലങ്ങളായുണ്ട്; അവയിൽ (അവർ) ശാശ്വതന്മാരാകുന്നു; അവ വിട്ടുപോകാൻ അവർ ആഗ്രഹിക്കുകയില്ല.

قُلْ لَوْ كَانَ الْبَحْرُ مِدَادًا لِكَلِمٰتِ رَبِّي لَنَفِدَ الْبَحْرُ
قَبْلَ اَنْ تَنْفَدَ كَلِمٰتُ رَبِّي وَلَوْ جِئْنَا بِمِثْلِهِ مَدَدًا ۝

109. പറയുക: എന്റെ പാലകന്റെ വചനങ്ങളെ(ഴുതുന്നതിന്ന) സമുദ്ര(ജലം) മഷിയായിരുന്നാൽ- അതുപോലെയുള്ള ഒരു സമുദ്രവുംകൂടി നാം കൊണ്ടുവന്നാൽ പോലും-എന്റെ പാലകന്റെ വചനങ്ങൾ അവസാനിക്കുന്നതിന്നുമുമ്പ് പ്രസ്തുത സമുദ്ര (ങ്ങളിലെ ജലം) തീർന്നുപോകുന്നതാണ്.

قُلْ إِنَّمَا أَنَا بَشَرٌ مِثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ فَمَنْ كَانَ يَرْجُوا لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا ۝

110. പറയുക: നിശ്ചയമായും, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു; നിങ്ങളുടെ ആരാധ്യൻ ഏകദൈവമാണെന്നു എനിക്കു ബോധനം ചെയ്യപ്പെടുന്നു. ആകയാൽ, തന്റെ പാലകന്റെ ദർശനത്തെ ആശിക്കുന്നവനാരോ അവൻ സൽക്കർമ്മം പ്രവർത്തിക്കുകയും തന്റെ പാലകനെ ആരാധിക്കുന്നതിൽ (അവനോടു) മറെറാന്നിനേയും സാമ്യപ്പെടുത്താതിരിക്കുകയും ചെയ്യട്ടെ.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 297 Acc. No. 14371

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M297 14371

C.M.P - S

സി. എം. പ്രസ് ഉടവാ

ന്യറത്തിൽ കച്ചം

KOTTAYAM PUBLIC LIBRARY

Call No M 297 Acc. No 14371

Author സി. എം. പ്രസ് [illegible]

Title [illegible]